പതിമൂന്നാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1841 — 18.06.2012 ൽ മറുപടിക്ക്

## സദാചാര പോലീസ് വർഗ്ഗീയ-ജാതി അക്രമത്തിനെതിരെ നടപടി

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. പി. തിലോത്തമൻ | | ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി | |
| (എ) | സദാചാര പോലീസ് സംസ്ഥാനത്ത് നടത്തുന്ന നിയമ വിരുദ്ധ പ്രവർത്തനങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം ഇത്തരം എത്ര സംഭവങ്ങൾ റിപ്പോർട്ടു ചെയ്തിട്ടുണ്ടെന്നു വ്യക്തമാക്കാമോ; ഇത്തരം സംഭവങ്ങളുമായി ബന്ധപ്പെട്ട് എത്ര പ്രതികളെ അറസ്റ്റു ചെയ്തു എന്നും ഇതു സംബന്ധിച്ച് സ്വീകരിച്ച നടപടികളും വ്യക്തമാക്കാമോ; | (എ) | സദാചാര പോലീസ് അതിക്രമം എന്ന് പൊതുവേ വിവക്ഷിക്കപ്പെടുന്ന പൊതുസ്ഥലത്ത് വച്ച് അപമാനിക്കുക, ദേഹോപദ്രവം ഏൽപ്പിക്കുക തുടങ്ങിയ കുറ്റകൃത്യങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇത്തരത്തിലുണ്ടായ 14 സംഭവങ്ങളിന്മേൽ 14 കേസുകൾ രജിസ്റ്റർ ചെയ്യുകയും 42 പ്രതികളെ അറസ്റ്റ് ചെയ്യുകയും നിയമ നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട് |
| (ബി) | സംസ്ഥാനത്ത് നടന്നിട്ടുള്ള ഇത്തരം അക്രമങ്ങളിൽ ഏതെങ്കിലും വിധത്തിലുള്ള വർഗ്ഗീയ-ജാതി സംഘടനകളുടെ ഇടപെടൽ ഉണ്ടോയെന്ന് പരിശോധിച്ചിട്ടുണ്ടോ; സദാചാര പോലീസിന്റെ അതിക്രമങ്ങൾ അവസാനിപ്പിക്കുവാൻ അടിയന്തിര നടപടി സ്വീകരിക്കുമോ? | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല |

സെക്ഷൻ ഓഫീസർ